# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *370 — 19.03.2018 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകൾ മികവുറ്റതാക്കാൻ നടപടി

*ചോദ്യം*

ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. മുരളീധരൻ

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകൾ മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സർവ്വകലാശാലകൾ മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കുവാനും അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനും സർവ്വകലാശാലകളുടെ സാമ്പത്തിക സ്ഥിതി പഠിക്കുന്നതിനും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷ കലണ്ടറും ഏർപ്പെടുത്തുന്നതിനും എല്ലാ സർവ്വകലാശാലകളുടെയും സമാനമായ കോഴ്സുകൾക്ക് തുല്യത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്റേൺഷിപ്പിന് പ്രാധാന്യം നൽകുന്ന കാര്യവും പരിശോധിച്ചു വരുന്നു. |
| (ബി) | സർവ്വകലാശാല ലൈബ്രറികളെ അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രങ്ങളുടെ | (ബി) & (സി) | കിഫ്ബി ധന സഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ |

| | | | |
|---|---|---|---|
| | നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | | കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 .9 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ് , കണ്ണൂർ, കുസാറ്റ് , മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ ഗവേണൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം , പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. 2018 ലെ വിദ്യാർത്ഥി പ്രവേശനം മുതൽ ഇത് ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | സർവ്വകലാശാലകളെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**